6431
8/6/15

കേരള സർക്കാർ

**സംഗ്രഹം**

**സാമൂഹ്യനീതി വകുപ്പ് - ജെൻഡർ അവയർനസ്സ് പദ്ധതി 2015-16 - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 - ഷെൽട്ടർ ഹോമുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ലീഗൽ കൗൺസിലർമാരുടേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി തുടർന്ന് നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം . 337/2015/സാനീവ** **തീയതി, തിരുവനന്തപുരം, 05.06.2015**

---

പരാമർശം : 1) 03.12.2011-ലെ സ.ഉ.(സാധാ) നം.495/2011/സാക്ഷേവ.
2) 03.11.2012-ലെ സ.ഉ.(സാധാ) നം.484/2012/സാക്ഷേവ.
3) 28.06.2013-ലെ സ.ഉ.(സാധാ) നം.319/2013/ സാനീവ.
4) 06.04.2014-ലെ സ.ഉ.(സാധാ) നം.295/2014/ സാനീവ.
5) സാമൂഹ്യനീതി ഡയറക്ടറുടെ 22.04.2015-ലെ എഫ്.4/5142/13 നമ്പർ കത്ത്.
6) 16.05.2015 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് നിയമസഹായം നൽകുന്നതിന് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖാന്തിരം ഷെൽട്ടർ ഹോമുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ലീഗൽ കൗൺസിലർമാരുടേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സേവനം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

2. പ്രസ്തുത പദ്ധതി 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 2,39,08,500/- രൂപ ചുവടെ ചേർത്ത പട്ടിക പ്രകാരം ചെലവാകുമെന്നും, ആയതിൽ 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിച്ച തുകയിൽ ബാക്കിവന്ന 62,02,223/- രൂപ കുറവ് ചെയ്ത് 1,77,06,277/- രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ '2235-02-103-90 (01) പ്ലാൻ' ശീർഷകത്തിൽ നിന്ന് അനുവദിക്കണമെന്നും പരാമർശം (5) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

പട്ടിക

| Sl. No. | Item | Amount |
|---|---|---|
| 1 | (a) Budget Provision for 101 approved SPC's [ 101 x 1,42,500]<br>(b) Anticipated Sanction for new SPC's (10 Nos.) for the year 2015-16 [10 x1,42,500]<br>(c) Budget Provision for the visit of the Counsellors (shelter home & family counseling centers to the Service Providing centers) ( 8 days x 12 months x Rs.500 (per visit) 64 SPC's | Rs. 1,43,92,500/-<br>Rs. 14,25,000/-<br><br>Rs. 30,72,000/- |
| 2 | Toll free No. | Rs.5,42,000/- |
| 3 | Two day Regional level Residential Training Programme for all Counsellors and Protection officers (@ Rs.1,29,000/- x 3) | Rs.3,87,000/- |
| 4 | Monthly review meeting on PWDV Act 2005 (@ Rs.2000 x 12 x 14) | Rs.3,36,000/- |
| 5 | District level Sensitizations Programme for police | Rs. 7,00,000/- |
| 6 | District Level Adalath | Rs. 4,20,000/- |

| | | |
|---|---|---|
| 7 | **Honorarium to Project Staff**<br>**(a) Honorarium to Project Manager [@Rs.30,000 x 12]**<br>**(b) Honorarium to the 3 Regional Women Counsellors [@Rs.20,000 x 3 No.s x 12]**<br>**(c) Honorarium to the Computer Operator [ @Rs.12,000 x 12]** | <br>**Rs.3,60,000/-**<br>**Rs.7,20,000/-**<br>**Rs.1,44,000/-** |
| 8 | **Hiring of Vehicles, Lodging, Local Conveyance and refreshment** | **Rs.2,25,000/-** |
| 9 | **TA/DA** | **Rs.3,50,000/-** |
| 10 | **IEC Program through medias** | **Rs.3,25,000/-** |
| 11 | **Fixed Assets** | **Rs.20,000/-** |
| 12 | **Printing, Stationery, Telephone and Tapal** | **Rs.60,000/-** |
| 13 | **Audit fee** | **Rs.20,000/-** |
| 14 | **Cost of Internet connection and monthly charges** | **Rs.15,000/-** |
| 15 | **Project Hand book & Documentations** | **Rs.2,50,000/-** |
| 16 | **Miscellaneous** | **Rs.30,000/-** |
| 17 | **Web site Maintenance** | **Rs. 1,15,000/-** |
| | **Total** | **Rs.2,39,08,500/-** |

3. 16.05.2015-ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ ടി പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് കൗൺസിലിംഗും നിയമസഹായവും നൽകുന്നതിനുമായി ലീഗൽ കൗൺസിലർമാരുടേയും ക്ളിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സേവനം ലഭ്യമാക്കുന്ന പദ്ധതി തുടർന്ന് നടത്തുന്നതിന് ഭരണാനുമതി നല്കിയും, ഇതിനായി നടപ്പ് സാമ്പത്തിക വർഷം 1,77,06,277/- രൂപ (ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) '2235-02-103-90 (01) പ്ലാൻ' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സാമൂഹ്യനീതി (എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

6430
8/6/15

കേരള സർക്കാർ
സംഗ്രഹം

**സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 - ഷെൽട്ടർ ഹോമുകളുടെ ദൈനംദിന പ്രവർത്തനത്തിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം . 338/2015/സാനീവ തീയതി, തിരുവനന്തപുരം. 05.06.2015

---

പരാമർശം : 1) 05.08.2014- ലെ സ.ഉ (സാധാ) നം.481/2014/സാനീവ.
2) 31.03.2015- ലെ സ.ഉ (സാധാ) നം.213/2015/സാനീവ.
3) സാമൂഹ്യനീതി ഡയറക്ടറുടെ 25.4.2015-ലെ എഫ്.2/12814/14 നമ്പർ കത്ത്.
4) 16.05.2015 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗാർഹിക പീഡനത്തിനിരയായവർക്ക് മാത്രമായി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയും, ആയതിലേയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 2235-02-103-75 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,47,33,600/- രൂപ അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്നേഹസദൻ, കീരംപാറ പി.ഒ, എറണാകുളം, St.John of God Hospitality Society, എരുമേലി, കോട്ടയം, Quilon Social Service Society, ഫാത്തിമ റോഡ്, കൊല്ലം എന്നീ 3 സ്ഥാപനങ്ങളിൽ കൂടി ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷത്തിൽ 2,60,57,200/- രൂപ ചുവടെ ചേർത്ത പട്ടിക പ്രകാരം ചെലവാകുമെന്നും, ആയതിൽ 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിച്ച തുകയിൽ ബാക്കിവന്ന 77,66,900/- രൂപ കുറവ് ചെയ്ത് 1,82,90,300/- രൂപ അനുവദിക്കണമെന്ന് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ '2235-02-103-75 (പ്ലാൻ)' ശീർഷകത്തിൽ 1,70,00,000/- രൂപയാണ് അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ഷെൽട്ടർ ഹോമിന്റെ തുടർ നടത്തിപ്പിനായി 1,70,00,000/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമാർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**Administration and Management**

| Sl. No. | Name of Post | No. of Post | Remuneration (Rs.) | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Superintendent/Manager | 1 | 12,000/- | 1,44,000/- |
| 2 | Counsellor | 1 | 10,000/- | 1,20,000/- |
| 3 | Office Assistant cum Data Entry Operator | 1 | 8,000/- | 96,000/- |
| 4 | Watchman/Peon | 2 | 5000 x 2=10,000/- | 1,20,000/- |
| 5 | Cook | 1 | 5000 | 60,000/- |
| | **Total** | | | **5,40,000/-** |

**Recurring Expenditure**

| Sl. No. | Particulars | Unit | Expenditure | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Rent | 1 unit | 12,000/- | 1,44,000/- |
| 2 | Food | Per resident | 1500/- | 5,40,000/- |
| 3 | Clothing | Per resident | - | 30,000/- |
| 4 | Medicine, Personal Kit etc | Per resident | 200/- | 72,000/- |
| 5 | Pocket Money | Per resident | 100/- | 36,000/- |
| 6 | Recreational Activity/Vocational Training | Consolidated | 1800/- | 21,600/- |
| 7 | Telephone charges/Tapal charges/ Emergency Medical Expenditure & contingency | Per shelter home | 8000/- | 96,000/- |
| | | **Total** | | **9,39,600/-** |

**Non Recurring Grant**

| Item | Quantity | Expenditure |
|---|---|---|
| Cot | 30 No.s x 2000 | 60,000/- |
| Table | 2 No.s x 5000 | 10,000/- |
| Dining Table | 4 No.s x 8000 | 32,000/- |
| Office Chair | 2 No.s x 1500 | 3,000/- |
| Ordinary Chair | 30 No.s x 500 | 15,000/- |
| Almirah (big size) | 3 No.s x 10,000 | 30,000/- |
| Almirah (small size) | 3 No.s x 7000 | 21,000/- |
| Cooking Utensils | | 30,000/- |
| Miscellaneous Expenses | | 25,000/- |
| **Total** | | **2,26,000/-** |

17 ഷെൽട്ടർ ഹോമിലേയ്ക്കുള്ള Recurring Expenses - 14,79,600/-(5,40,000 +9,39,600) x 17 = 2,51,53,200/-

4 ഷെൽട്ടർ ഹോമിലേയ്ക്കുള്ള Non Recurring Expenses - 2,26,000 x 4 = 9,04,000/-

ആകെ - 2,51,53,200 + 9,04,000 =2,60,57,200/-

2. 16.05.2015 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക പീഡനത്തിനിരയായവർക്ക് മാത്രമായി സംസ്ഥാനത്തെ 14 ജില്ലകളിലും അനുവദിച്ച 17 ഷെൽട്ടർ

ഹോമുകളുടെ തുടർ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 1,70,00,000/- (ഒരു കോടി എഴുപത് ലക്ഷം രൂപ മാത്രം) 2235-02-103-75 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

**സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.**
**സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ), കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.**
**ധനകാര്യ വകുപ്പ്**
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**സാമൂഹ്യനീതി (എ) വകുപ്പ്**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ